വെളിച്ച വിപ്ലവം എന്ന പരിപാടിയിൽപ്പെടുത്തി കണ്ണൂർ ജില്ലയിൽ നൽകിയ വൈദ്യുതി കണക്ഷനുകൾ

520 [577] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെളിച്ച വിപ്ലവം എന്ന തീവ്രയത്ന പരിപാടിയിൽ പെടുത്തി കണ്ണൂർ ജില്ലയിൽ എത്രയാളുകൾക്ക് പുതിയതായി വൈദ്യുതി കണക്ഷനുകൾ നൽകി;

(ബി) ഇതിൽ ഹരിജനങ്ങൾക്ക് നൽകിയത് എത്രയാണ്?

ഉത്തരം

(എ) 3830 പേർക്ക്.

(ബി) പട്ടികജാതിയിൽപ്പെട്ടവർക്ക് 46 എണ്ണം.

പന്ന്യാൽ പ്രദേശത്തെ കർഷകർക്ക് കൃഷിയാവശ്യത്തിനായി വൈദ്യുതി കണക്ഷൻ

521 [578] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1983 ഏപ്രിൽ മാസത്തിൽ മിനിമം ഗ്യാരണ്ടി വെച്ച് കണ്ണൂർ ജില്ലയിൽ ശ്രീകണ്ഠപുരം പഞ്ചായത്തിൽപ്പെട്ട പന്ന്യാൽ പ്രദേശത്തെ കർഷകർക്ക് കൃഷിയാവശ്യത്തിനായി പമ്പ്സെറ് ഉപയോഗിക്കുന്നതിന് ഇനിയും വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ലെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കണക്ഷൻ നൽകാൻ എന്നത്തേക്ക് കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1977–ൽ തയ്യാറാക്കിയ 72,200 രൂപയുടെ എസ്റ്റിമേറ്റ് അടിസ്ഥാനമാക്കിയായിരുന്നു 1983–ൽ ഈ ജോലിയുടെ മിനിമം ഗ്യാരൻറി എഗ്രിമെൻറ് വെച്ചിരുന്നത്. സാധനസാമഗ്രികളുടെയും, വേതന നിരക്കുകളുടേയും വർദ്ധന കണക്കിലെടുത്ത് ഇപ്പോഴത്തെ എസ്റ്റിമേറ്റ് തുക 1,44,750 രൂപയായി പുതുക്കി നിശ്ചയിച്ച സാഹചര്യത്തിൽ ഇതിലുൾപ്പെട്ട 12 ഉപഭോക്താക്കളും പുതിയ മിനിമം ഗ്യാരണ്ടി എഗ്രിമെൻറ് വെയ്ക്കേണ്ടതായിട്ടുണ്ട്. ഇതുവരെ അത് നൽകിയിട്ടില്ല. പുതിയ മിനിമം ഗ്യാരൻറി എഗ്രിമെൻറ് വെച്ചുകഴിഞ്ഞാൽ മുൻഗണനാക്രമമനുസരിച്ച് കണക്ഷൻ കഴിവതും വേഗം നൽകാനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly